DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

02/11/2020

# കാർഷികമേഖലാവാർത്തകൾ

## സ്മാം പദ്ധതി – സംസ്ഥാനതല ഉദ്ഘാടനം

സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായി സംയോജിച്ച് നടപ്പിലാക്കുന്ന നൂതന ആശയമായ **കാർഷിക യന്ത്രവത്കരണ ഉപദൗത്യ പദ്ധതി** - സ്മാം (Submission on Agricultural Mechanisation) 2020-21 സംസ്ഥാനത്ത് നടപ്പിലാക്കുന്നു. ഇതിന്റെ സംസ്ഥാനതല വെർച്വൽ ഉദ്ഘാടനം നാളെ കൃഷിവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ ചേരുന്ന യോഗത്തിൽ മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നിർവഹിക്കും.

## തീറ്റപ്പുൽകൃഷി പരിശീലനം

ക്ഷീരവികസന വകുപ്പിന്റെ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള തീറ്റപ്പുൽ വികസന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 9-ന് **വിവിധയിനം തീറ്റപ്പുല്ലിനങ്ങളുടെ കൃഷിരിതികൾ** എന്ന വിഷയത്തിൽ ക്ഷീരകർഷകർക്കായി ഗൂഗിൾ മീറ്റ് മുഖേന പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ള ക്ഷീരകർഷകർ **0471-2501706, 9539306773** എന്നീ നമ്പരുകളിൽ വിളിച്ച് **ഈ മാസം 6** വരെയുള്ള പ്രവർത്തി

ദിവസങ്ങളിൽ വാട്ട്സ് ആപ്പ് നമ്പരിൽ നിന്നും പേര് രജിസ്റ്റർ ചെയ്യണമെന്ന് സ്റ്റേറ്റ് ഫോഡർ ഫാം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

## പരിശീലനം

തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 04,05 തീയതികളിൽ ഉച്ചയ്ക്ക് ശേഷം 2.00 മുതൽ 05.00 മണി വരെ **മുട്ടക്കോഴിവളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം (വെബിനാർ) നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ നേരിട്ടോ, ഫോൺ മുഖേനയോ ഓഫീസ് സമയങ്ങളിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ **9188522711, 0469– 2965535.**

## സംഘം സെക്രട്ടറിമാർക്കുള്ള ഓൺലൈൻ പരിശീലനം

തിരുവനന്തപുരം ക്ഷീര പരിശീലനകേന്ദ്രം ക്ഷീര സഹകരണസംഘം സെക്രട്ടറിമാർക്കായി **സേവന പുസ്തകവും അവ എഴുതേണ്ടതിന്റെ പ്രാധാന്യവും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഈ മാസം 6-ന് രാവിലെ 10.45 മുതൽ 12.30 വരെ ഗൂഗിൾ മീറ്റ് മുഖേന നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഈ മാസം 4-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 0471–2440911 എന്ന നമ്പരിൽ ബന്ധപ്പെടുകയോ, dtctvm99@gmail.comഎന്ന ഇ-മെയിൽ വിലാസത്തിൽ പേര്,

മേൽവിലാസം, വാട്ട്സാപ്പ് നമ്പർ എന്നിവ അയയ്ക്കുകയോ ചെയ്യണമെന്ന് ക്ഷീര പരിശീലനകേന്ദ്രം പ്രിൻസിപ്പാൾ അറിയിച്ചു.

ജില്ലകളിലാണ് സഹകരണസംഘം നേരിട്ട് നെല്ലു സംഭരിക്കുക. ഒരു കിലോ നെല്ലിന് കർഷകന് 27 രൂപ 48 പൈസ നൽകും പാഡി റസീപ്റ്റ് നൽകുന്നതിനു സഹകരണസംഘങ്ങൾക്ക് സാങ്കേതിക സൗകര്യം സപ്ലൈകോ ലഭ്യമാക്കും.

## കിസാൻ ക്രെഡിറ്റ് കാർഡ്

കിസാൻ ക്രെഡിറ്റ് കാർഡ് കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനവുമായി ബന്ധപ്പെട്ട സമയബന്ധിതമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കർഷകർക്ക് ലഭിക്കുന്ന വായ്പാ സഹായമാണ് കിസാൻ ക്രെഡിറ്റ് കാർഡ്. പമ്പ് സെറ്റുകൾ, സ്പ്രേയർകൾ തുടങ്ങിയ ഉപകരണങ്ങൾ അവയുടെ സംരക്ഷണം, വിളവെടുപ്പ് പരിചരണം, വിപണനം, മൃഗപരിപാലനം തുടങ്ങിയവ ആവശ്യങ്ങൾക്കും കൂടാതെ ചെറിയൊരു വിഹിതം കർഷക കുടുംബത്തിലെ ഗാർഹിക ആവശ്യങ്ങൾക്കുമായി കിസാൻ ക്രെഡിറ്റ് കാർഡിൽ നിന്നുള്ള പണം ഉപയോഗിക്കാവുന്നതാണ്.

## സുഭിക്ഷ കേരളത്തിൽ അംഗമാകുവാൻ

സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതിയിൽ അംഗമാകുന്നതിന് www.aims.kerala.gov.in ഇൽ രജിസ്റ്റർ ചെയ്യാം. കർഷകർക്ക് വിവിധ പദ്ധതിക്കുള്ള അപേക്ഷകൾക്കും ധനസഹായത്തിനു ഇനി മുതൽ AIMS മൊബൈല് ആപ്പും

വെബ് പോർട്ടലിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക കൃഷിഭവനുമായി ബന്ധപ്പെടുക

## എല്ലാ കൃഷിഭവനിലും കൃഷി പാഠശാലകൾ

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് പരിശീലനത്തിന് എല്ലാ കൃഷിഭവനിൽ കൃഷി പാഠശാലകൾ. യുവ കർഷകർ, പ്രവാസികൾ, കുടുംബശ്രീ അംഗങ്ങൾ, സംരംഭകർ എന്നിവർക്ക് വിഷയാധിഷ്ഠിത അടിസ്ഥാനത്തിൽ ശാസ്ത്രീയ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രാദേശിക കൃഷിഭവനുമായി ബന്ധപ്പെടുക